"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- കോട്ടയം ജില്ലയിലെ പാലാ നിയോജകമണ്ഡലത്തിലെ മിനച്ചിലാറിന് കുറുകെ കടവുപുഴ പാലം പുനർനിർമ്മാണത്തിനായി ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത്(ഡി) വകുപ്പ്

സ.ഉ.(സാധാ) നം.406/2026/PWD തിരുവനന്തപുരം, തീയതി,12-03-2026

---

പരാമർശം:-

1. 19.01.2023 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.58/2023/PWD ഉത്തരവ്.
2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 29.05.2025 തീയതിയിലെ CEPWD/12692/2023-AB1-BR നമ്പർ കത്ത്.
3. 28.02.2026 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.2122/2026/FIN ഉത്തരവ്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ പാലാ നിയോജകമണ്ഡലത്തിലെ മൂന്നിലവ് മേലുകാവ് പഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചില്ലച്ചി തോടിനു കുറുകെ പാലം എന്ന പ്രവൃത്തിയ്ക്ക് 368.86 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകിയിട്ടുണ്ടായിരുന്നു.

2) കോട്ടയം ജില്ലയിലെ പാലാ നിയോജകമണ്ഡലത്തിലെ മിനച്ചിലാറിന് കുറുകെ കടവുപുഴ പാലം പുനർനിർമ്മാണത്തിനായി 239.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി 5054-04-101-99 MDR എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

3) നിലവിൽ 20% തുക വകയിരുത്തി ഭരണാനുമതി നൽകിയ കോട്ടയം ജില്ലയിലെ പാലാ നിയോജകമണ്ഡലത്തിലെ ചില്ലച്ചി തോടിനു കുറുകെയുള്ള പാലത്തിന്റെ ഭരണാനുമതി റദ്ദ് ചെയ്യണമെന്ന വ്യവസ്ഥയിൽ ടി പാലത്തിന് അനുവദിച്ച തുകയിൽ 239.2 ലക്ഷം രൂപ കടവുപുഴ പാലത്തിന് മാറ്റി അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ പാലാ നിയോജകമണ്ഡലത്തിലെ

മൂന്നിലവ് മേലുകാവ് പഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചില്ലച്ചി തോടിനു കുറുകെ പാലം എന്ന പ്രവൃത്തിയ്ക്ക് 368.86 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടും; കോട്ടയം ജില്ലയിലെ പാലാ നിയോജകമണ്ഡലത്തിലെ മീനച്ചിലാറിന് കുറുകെ കടവുപുഴ പാലം പുനർനിർമ്മാണത്തിനായി 239.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ,നിരത്തുകൾ/പാലങ്ങൾ വിഭാഗം.

ധനകാര്യ വകുപ്പ് (05.03.2026 തീയതിയിലെ 3203496/INPWC2/63/2025-ധന അനൗദ്യോഗിക കുറിപ്പ് പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,

തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ),ഐ&പി ആർഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 12-03-2026 17:39:19

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു,പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് - ന്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ - യ്ക്ക്